ഞാൻ അഭ്യർത്ഥിക്കുകയാണ്. ജനങ്ങൾക്കിടയിലും അക്കാഡമിക് മേഖലകളിലും മറ്റു വിദ്യാഭ്യാസ മേഖലകളിലും നീതി ഉറപ്പുവരുത്തുന്നതിനു വേണ്ടി അടിയന്തിരമായി ഈ ഓർഡിനൻസ് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കൊച്ചിൻ യൂണിവേഴ്സിറ്റിയെ ശാസ്ത്ര-സാങ്കേതിക രംഗത്ത് ഒരു ഉന്നതവിദ്യാഭ്യാസ കേന്ദ്രമായി ഉയർത്തുകയെന്നുള്ളതാണ് ഈ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ള സംഗതി. ഇതിനുവേണ്ടി നേരത്തെ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഒരു വിദഗ്ധകമ്മിറ്റി ഇതിനെക്കുറിച്ച് പഠിക്കുകയുണ്ടായി. ശ്രീ. വി. ആർ. പിള്ള, ഡോക്ടർ ഗവാരിക്കർ, ഡോക്ടർ എം. ആർ. സീതാറാം, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ശ്രീ. വി. രാമചന്ദ്രൻ, വൈസ് ചാൻസലർ ഡോക്ടർ ഗോപാലൻ ഡോക്ടർ എസ്. വാസുദേവൻ ഇവരായിരുന്നു ഈ കമ്മിറ്റിയിലെ അംഗങ്ങൾ. ഈ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കൊച്ചിൻ സർവകലാശാലയെ ഉന്നത ശാസ്ത്ര-സാങ്കേതിക രംഗത്ത് ഊന്നൽ നൽകുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടായി പരിവർത്തനം ചെയ്യുന്നതിനു വേണ്ടി യൂണിവേഴ്സിറ്റിയുടെ ഘടനയിലും സ്വഭാവത്തിലും മാറ്റം വരുത്തിയിട്ടുള്ളത്. യൂണിവേഴ്സിറ്റികളുടെ ജനാധിപത്യപരമായ സ്വഭാവം കളയണമെന്ന് ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല. ആ നിലയിൽ ഉദ്ദേശിച്ചുകൊണ്ടല്ല ഈ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. ശാസ്ത്ര-സാങ്കേതിക രംഗത്ത് ഉപരിപഠനം ബിരുദാനന്തരം ഗവേഷണപഠനം മാത്രമായിരിക്കും ഈ യൂണിവേഴ്സിറ്റിയുടെ ലക്ഷ്യം. അതിനൊ അടിസ്ഥാനത്തിൽ ഉണ്ടാക്കിയിരിക്കുന്ന ഇപ്പോഴത്തെ ഈ ഓർഡിനൻസിൽ സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങൾ ഇല്ലെന്നു പറഞ്ഞത് ശരിയാണ്. അതുപോലെതന്നെ അക്കാഡമിക് കൗൺസിലിലേക്കും തെരഞ്ഞെടുപ്പ് വച്ചിട്ടില്ല. സെനറ്റ് ഉണ്ടായിരിക്കുന്നതല്ല. ഒരു യൂണിറ്റി സ്വഭാവമാണ് ഈ സ്ഥാപനത്തിനുള്ളത്. ഇതിലേക്ക് അഫിലിയേറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ ഇല്ല. ഇതാണ് സംക്ഷിപ്തമായിട്ട് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഈ ഓർഡിനൻസ് നിയമസഭയിൽ ചർച്ച ചെയ്യാനുള്ളതാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷവും ഇവിടെ നിയമസഭയിൽ ചർച്ച ചെയ്യുകയും അതിനുശേഷം സബ്ജക്റ്റ് കമ്മിറ്റിയിൽ പോയപ്പോഴും ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് എല്ലാവരും കൂടി യോജിച്ച ഒരു റിപ്പോർട്ടാണ് നിയമസഭയിൽ സമർപ്പിച്ച് പാസ്സാക്കിയെടുക്കുകയും ചെയ്തത്. ഗവൺമെൻറിനു ഇതിനകത്ത് പിടിവാശിയൊന്നുമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായിട്ട് പരിശോധിക്കുന്നതാണ്. ഈ ഓർഡിനൻസ് നിയമസഭാസമ്മേളനം കഴിഞ്ഞാലുടനെ റീ ഇഷ്യൂ ചെയ്യേണ്ടിവരും. ആ സന്ദർഭത്തിൽ ഇവിടെ പറഞ്ഞ പോയിൻറുകൾ ഒന്നു കൂടി സജീവമായിട്ട് പരിഗണിക്കുന്നതും ആവശ്യമെങ്കിൽ ആവശ്യമായിട്ടുള്ള ഭേദഗതികൾ കൊണ്ടുവരുന്നതുമാണ്.

2. ചിറയിൻകീഴ് താലൂക്ക് ഗവൺമെൻറാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. പി. വിജയദാസ് : സർ, ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ചിറയിൻകീഴ് ഗവൺമെൻറ് ആശുപത്രിയുടെ സ്ഥിതിയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ആ ആശുപത്രിക്കകത്തു കയറാൻ പോലും കഴിയാത്ത നിലയിൽ ശോചനീയമായ അവസ്ഥയാണ് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ളത്. ഒന്ന് രണ്ട് കക്കൂസുകളുള്ളത് പൊട്ടിയൊലിച്ചതിന്റെ ഫലമായി രോഗികൾക്ക് കിടക്കാനോ, അവിടെ കടന്നുചെല്ലുന്നവർക്ക് കടന്നുചെല്ലാനോ കഴിയാത്ത നിലയിൽ അത്രമാത്രം ശോചനീയമായി മാറിയിട്ടുണ്ട്. ഒന്നര വർഷംമുമ്പ് പണി ആരംഭിച്ച ഒരു കെട്ടിടം ഒരു കോൺട്രാക്ടർ ഇട്ടിട്ടുപോയതു നിമിത്തം ഇപ്പോഴും അത് പണിതീരാതെ കിടക്കുകയാണ്. ആയിരം ആളുകളാണ് ദിവസവും ആ ആശുപത്രിയിൽ ഔട്ട് പേഷ്യന്റായി വരുന്നത്. മുന്നൂറോളം ആളുകൾ അവിടെ കിടക്കുന്നു. ഇവർക്ക് കിടക്കാനുള്ള സൗകര്യങ്ങളോ മരുന്നോ ഇന്ന് അവിടെ ഇല്ല; അത്ര മോശമായ സ്ഥിതിയാണ്. പത്ത് കിടക്കകളുള്ള ഒരു കെട്ടിടവും ഒരു ഓപ്പറേഷൻ തിയേറ്ററും പണി തീർന്നുകിടക്കുന്നു. ആരുടെയോ അസൗകര്യംകൊണ്ട് അത് ഉദ്ഘാടനം ചെയ്യുന്നില്ല, അത് തുറന്നുകൊടുക്കുന്നില്ല. എത്രയോ നാളുകളായി പണി തീർത്തതാണ്, അത് തുറന്നുകൊടുത്താൽ കുറെ ആളുകൾക്കെങ്കിലും ഇതു കൊണ്ട് സൗകര്യമുണ്ടാകും.

സർ, ചിറയിൻകീഴ് താലൂക്കിൽ മുഴുവനും വെള്ളത്തിന്റെ ദൗർലഭ്യമുണ്ട്. ആശുപത്രിയിൽപോലും ഒരു തുള്ളിവെള്ളം ലഭിക്കാൻ ഇന്ന് നിർവ്വാഹമില്ല. ഒരു കിണറിൽനിന്നാണ് ഒരല്പം വെള്ളം അവിടെ ലഭിക്കുന്നത്. ആ കിണറിലെ വെള്ളം വറ്റിയതുനിമിത്തം ഒരു തുള്ളി വെള്ളത്തിനുപോലും അവിടെ സൗകര്യമില്ലാത്ത സ്ഥിതിയാണ്.

സർ, നഴ്സുമാരുടെ 6 ഒഴിവുകൾ ഇപ്പോൾ അവിടെയുണ്ട്. അതുപോലെതന്നെ അറ്റൻഡർമാരുടെയും സ്വീപ്പർമാരുടെയും പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. ആശുപത്രി വൃത്തിയാക്കുന്നതിന് ആവശ്യമായ സ്റ്റാഫ് അവിടെയില്ല. ബഹുമാന്യനായ മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് ഈ ആശുപത്രിയുടെ ദുസ്ഥിതി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഡോക്ടർമാരും മരുന്നും ഇല്ലെന്നുള്ളത് ശരിയല്ല. മരുന്ന് ലോക്കലായിട്ട് വാങ്ങിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്, അതുകൊണ്ട് ദൗർലഭ്യമില്ല. സ്റ്റാഫിന്റെ കാര്യത്തിൽ ആറ് നഴ്സുമാരുടെയും ആറ് നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും ഉൾപ്പെടെ 12 പോസ്റ്റുകൾ വേക്കന്റായിരുന്നു. ഇത് നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. 10 ബഡ്ഡുകളുള്ള ആ ബ്ലോക്കിന്റെ പണികഴിഞ്ഞു, അത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 150 കിടക്കകളുള്ള ബ്ലോക്കിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പണിയിൽ ഉണ്ടായ ബുദ്ധിമുട്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആയിരുന്നു. അത് നീക്കി പ്രവർത്തനം മുന്നോട്ടു നീക്കാൻവേണ്ട നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

3. പറയൻചേരിപാലത്തിന്റെ പണി

[ശ്രീ. രമേശ് ചെന്നിത്തല : സർ, എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നതും, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല എന്നീ മറ്റ് നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെടുന്നതുമായ ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡിൽ മൊത്തം 5 പാലങ്ങൾ ഉള്ളതിൽ 4 പാലങ്ങളുടേയും പണി പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. ഞാൻ ഈ അവസരത്തിൽ ഓർത്തു പോകുന്നത് ആ പാലത്തിന്റെ ഉദ്ഘാടനത്തിനുവേണ്ടി, അന്തരിച്ച ശ്രീ. സി. എച്ച്. മുഹമ്മദ് കോയ സാഹിബ് അവിടെ വന്ന അവസരത്തിൽ ആറുമാസത്തിനകം ഇനി ശേഷിക്കുന്ന ഒരു പാലത്തിന്റെ പണികൂടി പൂർത്തിയാക്കി ഗതാഗതത്തിന് ജനങ്ങൾക്ക് സൗകര്യമുണ്ടാക്കി കൊടുക്കാമെന്ന

LIBRARY ARCHIVES Kerala Legislative Assembly